"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ അയോഗ്യത സംബന്ധിച്ച വിഷയം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് റഫർ ചെയ്യുന്നത് - ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം. ) വകുപ്പ്**

സ.ഉ.(സാധാ) നം.1053/2023/LSGD തീയതി, തിരുവനന്തപുരം, 17-05-2023

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 878/2012/ത.സ്വ.ഭ.വ, തീയതി, 24/03//2012.

2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 10/03/2023 -ലെ ബി3/13/2023-SEC നമ്പർ കത്ത്.

**ഉത്തരവ്**

കേരളാ പഞ്ചായത്ത് രാജ്/മുൻസിപ്പാലിറ്റി നിയമങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട അധികാരികളുടെ അയോഗ്യത സംബന്ധിച്ച് വിശദീകരിക്കുന്നതിൽ, പഞ്ചായത്ത് നിയമം 34 (1) ബി (iii) / മുൻസിപ്പാലിറ്റി നിയമം 90 (1) ബി (iii) വകുപ്പുകൾ പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാൻ കുറ്റക്കാരാണെന്ന് വിധിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഏതൊരു അംഗത്തിന്റെയും അയോഗ്യത കൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് റഫർ ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ബന്ധപ്പെട്ട നിയമങ്ങളിലെ യഥാക്രമം 36 (1), 92 (1) വകുപ്പുകളിലെ ക്ലിപ്തനിബന്ധന പ്രകാരം അയോഗ്യത സംബന്ധിച്ച വിഷയം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് റഫർ ചെയ്യുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിയോ, ഇതിലേക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ മുഖേനയാകാം എന്ന് വ്യക്തമാക്കിയിരിക്കുന്നു.

തിരഞ്ഞെടുക്കപ്പെട്ട അധികാരികളുടെ അയോഗ്യത സംബന്ധിച്ച വിഷയം സംസ്ഥാന

തിരഞ്ഞെടുപ്പ് കമ്മീഷന് റഫർ ചെയ്യുന്നതിനായി കേരളാ പഞ്ചായത്ത് രാജ് നിയമം 36 (1), കേരള മുൻസിപ്പാലിറ്റി നിയമം 92 (1) വകുപ്പുകൾക്ക് കീഴിലുള്ള ക്ലിപ്ത നിബന്ധന പ്രകാരം യഥാക്രമം പഞ്ചായത്ത് ഡയറക്ടറേയും നഗരകാര്യ ഡയറക്ടറേയും ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

എന്നാൽ 2022-ലെ തദ്ദേശ സ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ പുതിയതായി തസ്തികകൾ സൃഷ്ടിക്കപ്പെടുകയും ചില തസ്തികകൾ പുനർനാമകരണം ചെയ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ സ്പെഷ്യൽ റൂൾസിനനുസൃതമായി വിവിധ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള ഉദ്യോഗസ്ഥരെ പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട അധികാരികളുടെ അയോഗ്യത സംബന്ധിച്ച വിഷയം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് റഫർ ചെയ്യുന്നതിനായി കേരളാ പഞ്ചായത്ത് രാജ് നിയമം 36 (1), കേരള മുൻസിപ്പാലിറ്റി നിയമം 92 (1) വകുപ്പുകൾക്ക് കീഴിലുള്ള ക്ലിപ്ത നിബന്ധന പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. മേൽപ്പറഞ്ഞ ചുമതല യഥാവിധി നിർവ്വഹിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർ ബന്ധപ്പെട്ട സെക്രട്ടറിമാരിൽ നിന്നും, മറ്റ് കീഴ്ഉദ്യോഗസ്ഥരിൽ നിന്നും കാലാകാലങ്ങളിൽ റിപ്പോർട്ടുകൾ ലഭ്യമാക്കി പരിശോധിക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SNEHALATHA K

ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം.

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

എല്ലാ ഗ്രാമ പഞ്ചായത്ത് / ബ്ളോക്ക് പഞ്ചായത്ത് / ജില്ലാ പഞ്ചായത്ത്സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എല്ലാ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ.എം3/23/2023/ത.സ്വ.ഭ.വ )

ഉത്തരവിൻ പ്രകാരം

Signed by
M.k.pradeesh Kumar
Date: 18-05-2023 11:17:35
സെക്ഷൻ ഓഫീസർ